നം. സിഇഇ/1746/2010/റ്റി.എ.3

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

**പത്രക്കുറിപ്പ്**

# ബിരുദാനന്തര ബിരുദ ഫാർമസി (എം.ഫാം) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2010 : അഡ്മിറ്റ് കാർഡ് ലഭിക്കുന്നത് സംബന്ധിച്ച്

**23.01.2011 (ഞായറാഴ്ച)** തിരുവനന്തപുരത്ത് കമലേശ്വരം ഗവ: ഹയർ സെക്കന്ററി സ്കൂൾ കേന്ദ്രമായി നടത്തുന്ന **എം.ഫാം. 2010** പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡ്, **18.01.2011 (ചൊവ്വാഴ്ച) രാവിലെ 10 മണി മുതൽ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ് സൈറ്റായ **www.cee-kerala.org** ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഔദ്യോഗിക വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ വിദ്യാർത്ഥിയുടെ **ആപ്ലിക്കേഷൻ നമ്പറും**, അപേക്ഷയിൽ നൽകിയിട്ടുള്ള **ജനനതീയതിയും** കൃത്യമായി നൽകിയതിനു ശേഷം പ്രിന്റ് ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
17.01.2011